സംസ്ഥാനത്തിന്റെ കടബാദ്ധ്യത

177 (522) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ നാലുവർഷം പൂർത്തീകരിച്ചപ്പോൾ അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം സംസ്ഥാനത്തിന്റെ കടബാദ്ധ്യത ഓരോ വർഷവും എത്ര തുകയാണ് ; ഇതിൽ ഓരോ വർഷവും ആളോഹരി എത്ര തുകയാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരമേറ്റപ്പോൾ ആയത് എത്രയായിരുന്നു എന്ന് വ്യക്തമാക്കുമോ ;

(സി) അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം സർക്കാർ ഓരോ വർഷവും കേന്ദ്ര സർക്കാരിൽനിന്നും മറ്റു സ്വദേശ/വിദേശ സ്ഥാപനങ്ങളിൽനിന്നും അന്താരാഷ്ട്ര സ്ഥാപനങ്ങളിൽനിന്നും എത്ര തുക കടം വാങ്ങിയിട്ടുണ്ട് എന്നു വ്യക്തമാക്കുമോ ;

(ഡി) ഇവയിൽ ഏതെല്ലാം സ്ഥാപനങ്ങളിൽ എത്ര തുക തിരിച്ചടച്ചു ; എത്ര സ്ഥാപനങ്ങളിൽ അടയ്ക്കേണ്ട സമയം ആയിട്ടില്ല എന്നും എങ്കിൽ എപ്പോഴാണ് അടയ്ക്കേണ്ടതെന്നും വിശദമാക്കുമോ ; കേന്ദ്ര ലോൺ എടുത്ത വകയിൽ നാലു വർഷ കാലയളവിൽ എഴുതിത്തള്ളിയിട്ടുള്ള തുക എത്ര ; അത് ഏതു കാലയളവിൽ ആണെന്ന് വ്യക്തമാക്കുമോ ;

(ഇ) ഈ സർക്കാർ കാലയളവിൽ ധനകാര്യ കമ്മീഷന്റെ ശിപാർശ പ്രകാരം സംസ്ഥാന കടത്തിന്റെ തിരിച്ചടവിനായി കൺസോളിഡേറ്റഡ് സിങ്കിംഗ് ഫണ്ട് രൂപീകരിച്ചിട്ടുണ്ടോ ; അതിലേക്ക് നിക്ഷേപം നടത്തിയിട്ടുണ്ടോ ; എങ്കിൽ എത്ര ;

(എഫ്) ഇതുവഴി ഉയർന്ന പലിശയുള്ള എത്ര തുകയ്ക്കുള്ള എത്ര ലോണുകൾ ക്ലോസ് ചെയ്യുവാൻ കഴിഞ്ഞു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ നാലുവർഷം പൂർത്തീകരിച്ചപ്പോൾ അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരമുള്ള സംസ്ഥാനത്തിന്റെ കടബാദ്ധ്യത, ആളോഹരി തുക എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ വർഷം തിരിച്ച് ചുവടെ ചേർക്കുന്നു :

LIBRARY ARCHIVES Kerala Legislative Assembly

	2011-12	2012-13	2013-14	2014-15*
കടബാദ്ധ്യത (ഉക കോടിയിൽ)	89418.18	103560.84	119009.07	133701.15
ആളോഹരി കടം (രൂപയിൽ)	26771.91	30913.68	35314.26	39673.93

(* അക്കൗണ്ടന്റ് ജനറലിന്റെ താല്ക്കാലിക കണക്കുകൾ പ്രകാരം)

(ബി) ഈ സർക്കാർ അധികാരമേറ്റപ്പോൾ കടബാദ്ധ്യത 31-3-2011 വരെ 78673.24 കോടി രൂപയും ആളോഹരി ഉക 23625.60 രൂപയുമായിരുന്നു.

(സി&ഡി) ഈ സർക്കാരിന്റെ നാലുവർഷ കാലയളവിൽ കേന്ദ്രസർക്കാരിൽ നിന്നും (വിദേശ സഹായ പദ്ധതി), സ്വദേശ സ്ഥാപനങ്ങൾ, പൊതു വിപണി മുതലായവയിൽനിന്നും എടുത്തിട്ടുള്ള വായ്പകളും തിരിച്ചടവും സംബന്ധിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

വർഷം	ആഭ്യന്തര വായ്പ (പൊതുവിപണി, സ്വദേശ/ഏജൻസികൾ മുതലായവ)		കേന്ദ്ര സർക്കാരിൽ നിന്നുള്ള വായ്പ (വിദേശ സഹായ വായ്പ)	
	വായ്പ	വായ്പ തിരിച്ചടവ്	വായ്പ	വായ്പ തിരിച്ചടവ്
2011-12	9391.82	2522.52	407.15	370.54
2012-13	12708.89	2477.88	552.29	326.20
2013-14	14069.17	2893.23	392.02	351.58
2014-15*	17756.71	5493.14	752.47	340.09

* അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം

മേൽ കാലയളവിൽ കേന്ദ്ര സർക്കാരിൽ നിന്നുള്ള വായ്പകൾ ഒന്നുംതന്നെ എഴുതിത്തള്ളിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) 21-8-2004-ലെ സ.ഉ. (പി) നമ്പർ 384/2004/ധന. ഉത്തരവ് പ്രകാരം കടത്തിന്റെ തിരിച്ചടവിനായി സംസ്ഥാനം കൺസോളിഡേറ്റഡ് സിങ്കിംഗ് ഫണ്ട് രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത ഫണ്ടിലേക്ക് നാളിതുവരെ 1248.81 കോടി രൂപ നിക്ഷേപിച്ചിട്ടുണ്ട്.

(എഫ്) കൺസോളിഡേറ്റഡ് സിങ്കിംഗ് ഫണ്ടിൽനിന്നുള്ള പലിശ ഉപയോഗിച്ച് NCDC, LIC എന്നിവയിൽ നിന്നുള്ള 340.05 കോടി രൂപയുടെ വായ്പ തിരിച്ചടച്ചിട്ടുണ്ട്.

സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി

178 (523) ശ്രീ. എസ്. ശർമ്മ :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻ സർക്കാരിന്റെ ധനകാര്യമാനേജ്മെന്റിന്റെ ഫലമായി സംസ്ഥാനത്തിന്റെ സാമ്പത്തിക അടിത്തറ മെച്ചപ്പെട്ടതായി വിലയിരുത്തിയിട്ടുണ്ടോ ;

(ബി) ഈ സർക്കാരിന്റെ ധനകാര്യമാനേജ്മെന്റിന്റെ ഫലമായി സാമ്പത്തിക സ്ഥിതിയിലുണ്ടായ ഗുരുതരമായ തകർച്ചയെക്കുറിച്ച് വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(സി) അഴിമതി, നികുതി പിരിക്കുന്നതിലുണ്ടായ വീഴ്ച തുടങ്ങിയവ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി നാളിതുവരെയില്ലാത്തവിധം തകർത്തുവെന്ന ആക്ഷേപത്തിന്മേലുള്ള നിലപാട് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇല്ല. മുൻ സർക്കാരിന്റെ കാലത്തുണ്ടായ പൊതുകടത്തിന്റെ വർദ്ധനവ്, വികസന ചെലവുകളിലുണ്ടായ കുറവ്, വികസനേതര ചെലവുകളിലുണ്ടായ വർദ്ധനവ് എന്നിവ സംസ്ഥാനത്തിന്റെ സാമ്പത്തിക അടിത്തറയെ ദുർബലപ്പെടുത്തുകയാണുണ്ടായത്.

(ബി&സി) നിലവിൽ സംസ്ഥാനം ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയൊന്നും തന്നെ നേരിടുന്നില്ല. നികുതി വരുമാനത്തിൽ പ്രതീക്ഷിച്ച വളർച്ച കൈവരിക്കാൻ കഴിയാത്തതിനാലും കേന്ദ്ര നികുതി വരുമാനത്തിലുണ്ടായ കുറവിനാലും നേരിയ തോതിൽ സാമ്പത്തിക ഞെരുക്കം നേരിടുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly